ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 17.02.2026** **TIME : 07.25 PM**

## പ്രധാന

1. നാവികസേനയുടെ കരുത്തും സമുദ്രത്തിലെ കഴിവുകളും പ്രകടിപ്പിക്കുന്ന രാജ്യാന്തര ഫ്ലീറ്റ് റിവ്യൂവിൽ പങ്കെടുക്കാൻ രാഷ്ട്രപതി ദ്രൌപദി മുർമു വിശാഖപട്ടണത്ത് എത്തി.
   **President Draupadi Murmu arrived in Visakhapatnam to participate in the International Fleet Review, which showcases the strength and maritime capabilities of the Navy.**

2. ഇന്ത്യ- ഫ്രാൻസ് തന്ത്രപരമായ പങ്കാളിത്തം ജനങ്ങളുടെ പങ്കാളിത്തമായി പരിവർത്തനം ചെയ്യപ്പെടുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്കൊപ്പമുണ്ടെന്ന് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോം.
   **Prime Minister Narendra Modi said that the India-France strategic partnership is being transformed into a people-to-people partnership. French President Emmanuel Macron says he stands with India in the fight against terrorism.**

3. അടുത്ത രണ്ട് വർഷങ്ങളിൽ നിർമിതബുദ്ധി രംഗത്ത് 200 ബില്യൺ ഡോളർ നിക്ഷേപമാണ്

പ്രതീക്ഷിക്കുന്നതെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

**Union Minister Ashwini Vaishnav has said that an investment of $200 billion is expected in the field of artificial intelligence in the next two years.**

4. ബംഗ്ലാദേശ് പ്രധാനമന്ത്രിയായി ബി.എൻ.പി അധ്യക്ഷൻ താരിഖ് റഹ്മാൻ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഇന്ത്യയെ പ്രതിനിധീകരിച്ച് ലോക്സഭാ സ്പീക്കർ ഓം ബിർള ചടങ്ങിൽ പങ്കെടുത്തു.

   **BNP chief Tariq Rahman sworn in as the Prime Minister of Bangladesh. Lok Sabha Speaker Om Birla represented India at the ceremony.**

5. നവകേരള സർവേ നടത്തുന്നതിനുള്ള സംസ്ഥാന സർക്കാർ ഉത്തരവ് കേരള ഹൈക്കോടതി റദ്ദാക്കി.

   **The Kerala High Court has quashed the state government order to conduct a Nava Kerala Survey.**

6. ഐ.സി.സി ടി-20 ലോകകപ്പിൽ കാനഡയ്ക്കെതിരെ ന്യൂസിലൻഡിന് 8 വിക്കറ്റ് ജയം.

   **New Zealand beat Canada by 8 wickets in the ICC T20 World Cup.**

**&&&&&&&&&&&&&&&&&&**

## PREZ - AP VISIT

നാവികസേനയുടെ കരുത്തും സമുദ്രത്തിലെ കഴിവുകളും പ്രകടിപ്പിക്കുന്ന രാജ്യാന്തര ഫ്ലീറ്റ് റിവ്യൂവിൽ പങ്കെടുക്കാൻ രാഷ്ട്രപതി ദ്രൗപദി മുർമു വിശാഖപട്ടണത്ത് എത്തി. ആന്ധ്രപ്രദേശ് ഗവർണർ

എസ്.അബ്ദുൾ നസീർ, ഉപമുഖ്യമന്ത്രി പവൻ കല്യാൺ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ രാഷ്ട്രപതിയെ സ്വീകരിച്ചു. നാളെയാണ് രാജ്യാന്തര ഫ്ലീറ്റ് റിവ്യൂ.

**&&&&&&&&&&&&&&&&&&**

## PM -FRENCH PREZ MEET (INTRO)

ഇന്ത്യ- ഫ്രാൻസ് നൂതനത്വ വർഷത്തിലൂടെ ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം ജനങ്ങളുടെ പങ്കാളിത്തമായി പരിവർത്തനം ചെയ്യപ്പെടുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മുംബൈ ലോക്ഭവനിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോയുമായി ചർച്ചയ്ക്ക്ശേഷം സംയുക്ത വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**(വോയിസ്)**

പ്രതിരോധം, സുരക്ഷ, വ്യാപാരം, സാംസ്കാരിക വിനിമയം തുടങ്ങിയ കാര്യങ്ങൾ ഇരുനേതാക്കളും ചർച്ച ചെയ്തു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്കൊപ്പമുണ്ടെന്ന് ഫ്രഞ്ച് പ്രസിഡന്റ് സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

**&&&&&&&&&&&&&&&&&&**

## AMIT SHAH COPERATIVE MEET

സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും സഹകരണ വകുപ്പ് മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന ഉന്നതതല സമ്മേളനം കേന്ദ്രമന്ത്രി അമിത്ഷാ ഉദ്ഘാടനം ചെയ്തു. ഗുജറാത്തിലെ ഗാന്ധിനഗറിൽ മഹാത്മ മന്ദിറിലാണ് സമ്മേളനം. പുതുതായി നിലവിൽ വരുന്ന

2 ലക്ഷം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെക്കുറിച്ച് കേന്ദ്ര സഹകരണമന്ത്രി അവലോകനം ചെയ്തു. ആധുനിക ധാന്യ സംഭരണ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നത് സംബന്ധിച്ചും വിലയിരുത്തി. ഗുജറാത്തിൽ 258 കോടി രൂപയുടെ അഞ്ച് സഹകരണ പദ്ധതികളും ശ്രീ അമിത് ഷാ വിദൂരദൃശ്യ സംവിധാനത്തിലൂടെ ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&

## JAISHANKAR - GLOBAL ECONOMIC CONFERENCE

അടുത്തിടെ ഒപ്പുവെച്ച വ്യാപാര കരാറുകൾ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന സാമ്പത്തിക ആത്മവിശ്വാസത്തിന്റെ തെളിവുകളാണെന്നും, രാജ്യം കൂടുതൽ കരുത്തോടെയാണ് ആഗോള പങ്കാളികളുമായി സഹകരിക്കുന്നതെന്നും വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ. മുംബൈയിൽ നടന്ന ആഗോള

സാമ്പത്തിക സഹകരണ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു

അദ്ദേഹം. പ്രധാനമന്ത്രി നരേന്ദ്ര മോദിയും യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും തമ്മിലുള്ള ടെലിഫോൺ സംഭാഷണത്തിന് പിന്നാലെ, ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ മേലുള്ള നികുതി 50 ശതമാനത്തിൽ നിന്ന് 18 ശതമാനമായി അമേരിക്ക കുറച്ചതായി ശ്രീ എസ്.ജയശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## VAISHNAW - AI INVESTMENT (INTRO)

അടുത്ത രണ്ട് വർഷങ്ങളിൽ നിർമിതബുദ്ധി രംഗത്ത് 200 ബില്യണിലേറെ ഡോളർ നിക്ഷേപമാണ് ഇന്ത്യ പ്രതീക്ഷിക്കുന്നതെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ്. ന്യൂഡൽഹിയിൽ ഇന്ത്യ എ.ഐ ഇംപാക്ട് ഉച്ചകോടിയോട് അനുബന്ധിച്ച് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പുത്തൻ സാങ്കേതിക വിദ്യകളിൽ കൂടുതൽ നൈപുണ്യമുള്ളവരെ സൃഷ്ടിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും ശ്രീ അശ്വിനി വൈഷ്ണവ് അറിയിച്ചു.

(വോയിസ്)

&&&&&&&&&&&&&&&&&&

## JAIPUR-SHIVRAJ CHOUHAN

കർഷകരെ ശാക്തീകരിക്കുന്നതിനും സാമ്പത്തികമായി കരുത്തുറ്റവരാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുമായി ബന്ധിപ്പിക്കേണ്ടത്

അത്യാവശ്യമാണെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ഈ ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ നിരന്തരം പുതിയ പദ്ധതികൾ ആവിഷ്കരിച്ചുവരികയാണെന്നും അദ്ദേഹം പറഞ്ഞു. രാജസ്ജഥാനിലെ ജയ്പൂരിൽ കർഷകർക്കായുള്ള ഡിജിറ്റൽ സഹായി, ഭാരത് വിസ്താർ പുറത്തിറക്കിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, ചെലവ് കുറയ്ക്കുന്നതിനും, നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനും, സംയോജിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമാണ് സർക്കാർ മുൻഗണന നൽകുന്നത്. ഇന്ത്യ-യു.എസ് വ്യാപാര കരാറിൽ കർഷകരുടെ താത്പര്യങ്ങൾ പൂർണമായും സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും കൃഷിമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## BARAMATI CRASH - UPDATE

ബരാമതിയിൽ മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാർ ഉൾപ്പെടെ 4 പേർ മരിച്ച വിമാനപകടത്തിൽ അന്വേഷണം പുരോഗമിക്കുന്നതായി വ്യോമയാന മന്ത്രാലയം. വിമാനത്തിലെ ഡിജിറ്റൽ ഫ്ലൈറ്റ് ഡേറ്റയിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. കോക് പിറ്റ് വോയിസ് റെക്കോഡർ വിശദ സാങ്കേതിക പരിശോധനയ്ക്ക്
വിധേയമാക്കുകയാണ്. അഭ്യൂഹങ്ങൾ പരത്തരുതെന്ന് വിമാനപകട അന്വേഷണ ബ്യൂറോ അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## MAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 22 ന്. പരിപാടിയുടെ 131-ാം പതിപ്പാണിത്. ദൂരദര്ശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ

1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 20 വരെ അറിയിക്കാം.

&&&&&&&&&&&&&&&&&&

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ

സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽവിവരങ്ങൾക്ക് newsonair.gov.in, prasarbharati.gov.in എന്നി വെബ്സൈറ്റുകൾ സന്ദർശിക്കുക.

&&&&&&&&&&&&&&&&&&

## NAVA KERALA SURVEY

നവകേരള സർവേ നടത്തുന്നതിനുള്ള കേരള സർക്കാർ ഉത്തരവ് ഹൈക്കോടതി റദ്ദാക്കി. ചീഫ് ജസ്റ്റിസ് സൌമൻ സെൻ ഉൾപ്പെടുന്ന ഡിവിഷൻ ബഞ്ചിന്റേതാണ് വിധി. നിയമസഭ തിരഞ്ഞെടുപ്പ് അടുത്തിരിക്കെ രാഷ്ട്രീയ ലക്ഷ്യത്തോടെയാണ് സർവേ നടത്തുന്നതെന്നും പൊതുഖജനാവിൽ നിന്ന് പണം ദുരുപയോഗം ചെയ്യുകയാണെന്നും പൊതുതാത്പര്യ ഹർജിയിൽ ചൂണ്ടിക്കാട്ടിയിരുന്നു.

&&&&&&&&&&&&&&&&&&

## ICC- T 20

ഐ.സി.സി ടി-20 ലോകകപ്പിൽ കാനഡയ്ക്കെതിരെ ന്യൂസിലൻഡിന് 8 വിക്കറ്റ് ജയം. കാനഡ ഉയർത്തിയ 174 റൺസ് വിജയലക്ഷ്യം, 2 വിക്കറ്റ് നഷ്ടത്തിൽ 29 പന്ത് ബാക്കി നിൽക്കെ ന്യൂസിലാൻഡ് മറികടന്നു. ശ്രീലങ്കയിൽ നടക്കാനിരുന്ന അയർലൻഡ് സിംബാബ് വെ മത്സരം മഴയെ തുടർന്ന് ഉപേക്ഷിച്ചു. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ നടക്കുന്ന ഇന്നത്തെ മൂന്നാം മത്സരത്തിൽ നേപ്പാളിനെതിരെ സ്കോട്ട്ലൻഡ് ബാറ്റ് ചെയ്യുന്നു.

&&&&&&&&&&&&&&&&&&

## BANGLADESH-OATH

ബംഗ്ലാദേശ് പ്രധാനമന്ത്രിയായി ബി.എൻ.പി അധ്യക്ഷൻ താരിഖ് റഹ്മാൻ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. അടുത്തിടെ നടന്ന 13-ാമത് പൊതുതിരഞ്ഞെടുപ്പിൽ ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി വൻ വിജയം നേടിയിരുന്നു. ഇന്ത്യയെ പ്രതിനിധീകരിച്ച് ലോക്സഭാ സ്പീക്കർ ഓം ബിർളയും മറ്റ് നിരവധി വിദേശ പ്രമുഖരും സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു. രാവിലെ ബി.എൻ.പി നിയമസഭാംഗങ്ങൾ താരിഖ് റഹ്മാനെ പാർലമെന്ററി പാർട്ടി നേതാവായി ഐകകണ്ഠ്യേന തിരഞ്ഞെടുത്തിരുന്നു.

&&&&&&&&&&&&&&&&&&

## KERALA - SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ പുരോഗമിക്കുന്നു. കരട് വോട്ടർപട്ടികയിൽ ഉൾപ്പെട്ടതിന് ശേഷം പിശകുകൾ കണ്ടെത്തിയതിനെ തുടർന്ന് നോട്ടീസ് നൽകിയവർക്കുള്ള ഹിയറിംഗ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന്

പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

## ATTUKAL PONKALA

തിരുവനന്തപുരത്ത് ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ പൊങ്കാല മഹോത്സവത്തിന്റെ ഭാഗമായി സമഗ്രമായ ക്രമീകരണങ്ങൾ ഒരുക്കി ദക്ഷിണ റെയിൽവേ തിരുവനന്തപുരം ഡിവിഷൻ. പ്രത്യേക ട്രെയിൻ സർവീസുകൾ, അധിക സ്റ്റോപ്പുകൾ, ടിക്കറ്റ് സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&&&

## ULTRA VIOLET

കേരളത്തിൽ അൾട്രാവയലറ്റ് വികിരണ തോത് വർധിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് മുന്നറിയിപ്പ്. പകൽ 11 മുതൽ 3 മണി വരെ നേരിട്ട് വെയിൽ ഏൽക്കുന്നത് ഒഴിവാക്കണം. ദാഹമില്ലെങ്കിലും ധാരാളം വെള്ളം കുടിക്കണം. ഉയർന്ന ചൂട് സൂര്യാഘാതം, നിർജലീകരണം തുടങ്ങി ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമായേക്കാം എന്നും മുന്നറിയിപ്പിൽ പറയുന്നു.

&&&&&&&&&&&&&&&&&&

## AGNIVEER RECRUITMENT

കരസേനയിലേക്കുള്ള അഗ്നിവീർ തിരഞ്ഞെടുപ്പിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. തിരുവനന്തപുരം ആർമി റിക്രൂട്ടിംഗ് ഓഫീസ് വഴിയുള്ള സെലക്ഷൻ ടെസ്റ്റിനായി തിരുവനന്തപുരം

മുതൽ എറണാകുളം വരെയുള്ള ജില്ലകളിലേക്കാണ് റിക്രൂട്ട്മെന്റ്. അവിവാഹിതരായ പുരുഷന്മാരിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്. ഓൺലൈൻ അപേക്ഷ ഏപ്രിൽ 01 വരെ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ joinindianarmy.nic.in ലഭ്യമാണ്.

**&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&**

**&&&**